ഡിപ്പോകളിലുള്ള ഭക്ഷ്യധാന്യങ്ങൾ.

* 871. [34] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്തെ ഗവണ്മെൻറ് ഡിപ്പോകളിൽ എത്രമാത്രം അരിയും, മറ്റുധാന്യങ്ങളും സ്റ്റാക്കിരുപ്പുണ്ട് ;

(ബി) എത്ര നാളുകളായിട്ട് അതിരിപ്പാണ് ;

(സി) അത് നന്നാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയോ ;

(ഡി) ആ ഇനത്തിൽ എന്തു നഷ്ടം വരുമെന്ന് പ്രതീക്ഷിക്കുന്നു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഈ രാജ്യത്തെ ഗവണ്മെൻറ് ഡിപ്പോകളിൽ 1955 ഒക്ടോബർ 8–ാം തീ- 51567 ടൺ അരി നീക്കിയിരിപ്പുണ്ടായിരുന്നു. മറ്റു ധാന്യങ്ങൾ സ്റ്റാക്കില്ല.

(ബി) നീക്കിയിരിപ്പുള്ള അരി സ്റ്റാക്കിൽ 47396 ടൺ അരി 1954 ജൂലായി മാസത്തിൽ വിനിയന്ത്രണത്തിനുശേഷം ഇറക്കുമതി ചെയ്തിട്ടുള്ളതും, ബാക്കി 4171 ടൺ അതിനുമുൻപ് ഇറക്കുമതി ചെയ്തിട്ടുള്ളതുമാണ്. രണ്ടാമതുപറഞ്ഞ സ്റ്റാക്ക് ഒന്നരവർഷം മുതൽ രണ്ടുവർഷംവരെ ഇരിപ്പാണ്.

(സി) ഗവണ്മെൻറ് പക്കലുള്ള സ്റ്റാക്കിൽ നന്നാക്കേണ്ടതിനെ പറ്റിച്ച് കേന്ദ്രഗവണ്മെൻറിനെ എൽപ്പിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) സ്റ്റാക്കുമുഴുവനും കേന്ദ്രഗവണ്മെൻറിനെ എൽപ്പിച്ചതിനുശേഷമെ ഈ ഇനത്തിലുണ്ടാകാവുന്ന നഷ്ടം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

അഗ്നിശമന സ്റ്റേഷനുകൾ.

* 872. [42] ശ്രീ. എം പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻറഗ്രേഷനുമുൻപ് തിരുവിതാംകൂർ വിഭാഗത്തു ഫയർ സർവ്വീസ് ഉണ്ടായിരുന്നോ; ഉണ്ടായിരുന്നെങ്കിൽ എവിടെയെല്ലാം ;

(ബി) കൊച്ചി വിഭാഗത്തിൽ എത്ര ഫയർസ്റ്റേഷൻ ഉണ്ട് ; എവിടെയെല്ലാം ;

(സി) കൊച്ചിയിലെ ഫയർസർവ്വീസ് വിഭാഗത്തിൽ നിന്നും ജോലി വ്യവസ്ഥകളെ സംബന്ധിച്ചു എന്തെങ്കിലും നിവേദനം ഐ. ജി ക്കോ, ഗവണ്മെൻറിനോ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു ; എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉവ്വ്. നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എന്നീ സ്ഥലങ്ങളിൽ ഉണ്ടായിരുന്നു.

(ബി) 3. (മൂന്നു) തൃശ്ശൂർ, എറണാകുളം, മട്ടാഞ്ചേരി.

(സി) ഉവ്വ്.

LIBRARY ARCHIVES Kerala Legislative Assembly